**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2450** **21-01-2021 - ൽ മറുപടിയ്ക്ക്**

**ക്വാറികളുടെ ദൂരപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri E. P. Jayarajan (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്ന ക്വാറികളുടെ ദൂരപരിധി 200 മീറ്ററും, അല്ലാത്തവയ്ക്ക് 100 മീറ്ററുമായി ദേശീയ ഹരിത ട്രൈബ്യൂണൽ ഇറക്കിയ ഉത്തരവിന് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ O.A 304/2019 നമ്പർ കേസിലെ 21.07.2020 ലെ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ WP(C) 16367/2020 നമ്പരായി റിട്ട് ഹർജി ഫയൽ ചെയ്തു. |
| (ബി) | ഉത്തരവ് നടപ്പിലാക്കിയാൽ കേരളത്തിലെ ക്വാറികൾ പൂട്ടേണ്ടി വരുമെന്നും, വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുമെന്നും സർക്കാർ വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കിയാൽ ആയത് സംസ്ഥാനത്തെ ക്വാറി ഉത്പന്നങ്ങളുടെ ഉത്പാദനം കുറയുന്നതിനു കാരണമാകുമെന്നും വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുമെന്നും വിലയിരുത്തിയ സാഹചര്യത്തിലാണ് സർക്കാർ ഹൈക്കോടതിയെ സമീപിച്ചത്. |
| (സി) | ദൂരപരിധി ഈ സർക്കാർ നിലവിൽ വരുമ്പോൾ എത്ര മീറ്ററായിരുന്നു; അത് 50 മീറ്ററായി കുറവ് ചെയ്തത് എന്നാണ്? | (സി) | ദൂരപരിധി 50 മീറ്ററായിരുന്നത് 2015 ൽ 100 മീറ്ററായി അന്നത്തെ സർക്കാർ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ മേജർ മിനറലുകളെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ ദൂരപരിധി 50 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മൈനർ മിനറലുകൾക്കും ദൂരപരിധി 50 മീറ്ററായി നിജപ്പെടുത്തിക്കൊണ്ട് 2017 ൽ ചട്ടത്തിൽ ഭേദഗതി വരുത്തി. |

സെക്ഷൻ ഓഫീസർ